## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.794 — 09/11/2016-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, സി.മമ്മൂട്ടി**<br>**,, പി.ഉബൈദുള്ള** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ-മാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം നിരവധി രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014 ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നും കൂടാതെ വിവിധ അപേക്ഷ ഫോറങ്ങൾ ലഘൂകരിക്കേണ്ടതുണ്ടെന്നും കണ്ടതിനെ തുടർന്ന് ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 108 ന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള രേഖകൾ തിരിച്ചറിയൽ രേഖ, ഉടമാസ്ഥാവകാശ രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രം നിഷ്കർഷിച്ചു കൊണ്ട് സപ്ലൈ കോഡിലെ റെഗുലേഷനുകളിൽ മാറ്റം വരുത്തണമെന്ന് KSERC യോട് നിർദ്ദേശിച്ചിരുന്നു. ഇത് കൂടാതെ അപേക്ഷാഫോറം ലഘൂകരിക്കുക, online ആയി അപേക്ഷ സ്വീകരിക്കാനും പണം മുൻകൂറായി |

| | | | |
|---|---|---|---|
| | | | അടക്കാനും ഉതകുന്ന വിധത്തിൽ per kVA / kW കണക്കിൽ നിരക്കുകൾ ഏകീകരിക്കുക, മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിരുന്നു. ഇതനുസരിച്ച് സപ്ലൈ കോഡിൽ ഭേദഗതി വരുത്തി 26.10.2016 ൽ Kerala State Electricity Supply Code – Removal of Difficulties Order, 2016 ആയി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകൂറായി പണം ഒടുക്കുന്നതിന് ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിന് സഹായകരമായ per KVA/KW നിരക്കുകൾ KSERC നിശ്ചയിച്ച് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. |
| (ബി) | കണക്ഷൻ നല്കുന്നതിനുണ്ടാകുന്ന കാലതാമസം ലഘൂകരിക്കാനുള്ള പ്രൊപ്പോസൽ പ്രസ്തുത ഭേദഗതിയിൽ ഉൾപ്പെടുത്തുമോ? | (ബി) | വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള സമയപരിധി കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ചട്ടങ്ങൾ പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ അപേക്ഷകൻ പണമടച്ച് ഒരു മാസത്തിനുള്ളിൽ പുതിയ സർവീസ് കണക്ഷൻ നല്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതിലും മെച്ചപ്പെട്ട സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിന് സപ്ലൈ കോഡിൽ ഭേദഗതി വരുത്തേണ്ട ആവശ്യമില്ല. ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവീസ് കണക്ഷനുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനായി പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷനുകൾ അപേക്ഷ ലഭിച്ച് 2 പ്രവൃത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ് /പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷനുകൾ 7 പ്രവൃത്തി ദിവസത്തിനുള്ളിലും, ഓവർ ഹെഡ് ലൈൻ |

| | | | |
|---|---|---|---|
| | | | വലിക്കേണ്ട കണക്ഷനുകൾ 15 പ്രവൃത്തി ദിവസത്തിനുള്ളിലും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത എച്ച് റ്റി കണക്ഷനുകൾ 30 പ്രവൃത്തി ദിവസത്തിനുള്ളിലും നൽകുന്നതിനുള്ള ഉത്തരവ് 19-9-2016 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ